**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4114** **17-03-2025 - ൽ മറുപടിയ്ക്ക്**

**നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നിലവിലെ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് 08.08.2019-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 104/2019/ തസ്വഭവ.- ന്റെ അടിസ്ഥാനത്തിൽ അനുമതി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ നാവായിക്കുളം GHSS ൽ KIIFB മുഖാന്തിരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 355 ലക്ഷം രൂപയുടെ ഭരണാനുമതി 2018-19 സാമ്പത്തികവർഷം ലഭ്യമായിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നിലവിലുള്ളതും ഫിറ്റ്നസ് ഉള്ളതുമായ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതിയ്ക്കായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പ്രകാരം ഉടമസ്ഥവകാശ സാക്ഷ്യപത്രം, കാലപ്പഴക്ക സാക്ഷ്യപത്രം, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഉപയോഗക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സർവ്വേ റിപ്പോർട്ട്, ടി റിപ്പോർട്ട് അംഗീകരിച്ച ഭരണസമിതി തീരുമാനം, വിദ്യാഭ്യാസ ഡയറക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ സഹിതം ലഭ്യമാക്കുന്നതിന് 05/02/2025 ലെ LSGD/PD/4365/2025-REV1 കത്ത് മുഖേന തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ